THURSDAY 14.12.2023 വ്യാഴാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**


Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 14/12/2023

1. ജനങ്ങളുമായി നേരിട്ട് സംവദിച്ച് ഭരണ പുരോഗതി വിലയിരുത്താനും ജനാഭിപ്രായം തേടാനും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിസഭയൊന്നാകെ 140 നിയോജക മണ്ഡലങ്ങളിലൂടെയുള്ള പര്യടനം നടത്തുന്നു. നവകേരള സദസ്സ് 2023 ഇന്ന് കോട്ടയം കടുത്തുരുത്തിയിലും ആലപ്പുഴ ജില്ലയിലെ അരൂർ ,ചേർത്തല മണ്ഡലത്തിലും സംഘടിപ്പിക്കുന്നു.

2. സർക്കാർ പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനിൽ (കെപ്കോ) 45 - 55 ദിവസം പ്രായമായ ബി.വി-380 ഇനത്തിൽപ്പെട്ട മുട്ടക്കോഴികൾ വിൽപ്പനയ്ക്ക്' തയ്യാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 10.00 മണിമുതൽ 5.00 മണിവരെ 9495000915, 0471-2468585 എന്നീ നമ്പറുകളിൽ ബന്ധപ്പെടേണ്ടതാണ്.

3. കേരള കാർഷിക സർവ്വകലാശാല കുമരകം പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ ആരംഭിക്കുന്ന ബി.എസ്.സി(ഓണേഴ്സ്) അഗ്രിക്കൾച്ചർ കോഴ്സിൽ ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. സർവ്വകലാശാല പ്രസിദ്ധീകരിച്ച പ്രൊവിഷണൽ റാങ്ക് പട്ടികയിൽ ഉൾപ്പെട്ടവർ ബന്ധപ്പെട്ട രേഖകളുമായി 2023 ഡിസംബർ 14നു 10 മണിക്ക് ഫോറസ്ട്രി കോളേജ്, വെള്ളാനിക്കരയിൽ എത്തേണ്ടതാണ്. കൂടുതൽ വിവരങ്ങൾ www.kau.in വെബ്സൈറ്റിൽ ലഭ്യമാണ്.

4. മത്സ്യബന്ധന ഉപകരണങ്ങൾക്കുള്ള ഇൻഷുറൻസിനു അപേക്ഷിക്കാം. ആലപ്പുഴ ഫിഷറീസ് വകുപ്പ്നടപ്പാക്കുന്ന മത്സ്യബന്ധന ഉപകരണങ്ങൾക്കുള്ള ഇൻഷുറൻസ് പരിരക്ഷ പദ്ധതിയിലേക്ക്മത്സ്യത്തൊഴിലാളികളായ ഉടമകളിൽനിന്നും അപേക്ഷ ക്ഷണിച്ചു. മോട്ടോർ ഘടിപ്പിച്ച് കടൽ മത്സ്യ ബന്ധനത്തിൽ ഏർപ്പെടുന്ന പരമ്പരാഗത

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

മത്സ്യബന്ധനയാനങ്ങളുടെ ഇൻഷുറൻസാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. യാനത്തിന് രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ ഉണ്ടായിരിക്കണം 2012 ജനുവരി മുതൽ രജിസ്റ്റർ ചെയ്തപരമ്പരാഗതയാനങ്ങൾക്കാണ് ഇൻഷുറൻസ് പരിരക്ഷ നൽകുന്നത്. വിശദവിവരങ്ങൾക്കും അപേക്ഷ ഫോറത്തിനും അതാത് മത്സ്യഭവനുമായി ബന്ധപ്പെടുക.

**പരിശീലന പരിപാടി**

5. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് ഈ മാസം 16ന് (16.12.2023) 10 മണി മുതൽ 04 മണി വരെ ''അടുക്കളമുറ്റത്തെ കോഴിവളർത്തൽ'' എന്ന വിഷയത്തിൽ ഒരു പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താത്പ്പര്യമുള്ളവർ 0466 2212279, 0466 29122008, 6282937809 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

6. കേരള കാർഷികസർവകലാശാലയുടെ കീഴിലുള്ള തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജിലെ ഇൻട്രക്ഷണൽ ഫാമിൽ നിന്നും 2024 ജനുവരി 8 മുതൽ 25 വരെയുള്ള 15 പ്രവർത്തി ദിവസങ്ങളിൽ **നഴ്സറി ടെക്നിക്സ്** എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പച്ചക്കറി, പഴവർഗ്ഗ, അലങ്കാരചെടികളിലെ ഉൽപ്പാദനം, ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ്, ലയറിംഗ്, കീടരോഗനിയന്ത്രണ മാർഗ്ഗങ്ങൾ എന്നിവയിൽ ക്ലാസ്സുകളും പ്രായോഗിക പരിശീലനവും ലഭിക്കുന്നതാണ്. ഒരു ബാച്ചിൽ 20 പേർക്ക് അവസരം ലഭിക്കും. പരിശീലന ഫീസ് 2,000 രൂപ ബന്ധപ്പെടുക. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 8077268538 എന്ന ഫോൺ നമ്പറിൽ സമയം 9 മുതൽ 4 വരെയുള്ള സമയങ്ങളിൽ വിളിക്കേണ്ടതാണ്.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

7. മൃഗസംരക്ഷണ വകുപ്പ് തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറി പരിശീലന കേന്ദ്രത്തിൽ വച്ച് ഇന്ന് (14/12/23) 10 മണി മുതൽ 5 മണി വരെ ടർക്കി വളർത്തൽ എന്ന വിഷയത്തിൽ പരിശീലന ക്ലാസ്സ് നടത്തുന്നു. താല്പര്യമുള്ളവർ 9188522711, 0469-2965535 എന്നീ ഫോൺ നമ്പരുകളിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

8. മലപ്പുറം ജില്ലിയിലെ ആതവനാട് മൃഗസംരക്ഷണപരിശീലനകേന്ദ്രത്തിൽ വച്ച് ഇന്ന് (ഡിസംബർ 14ന്) താറാവ് വളർത്തലിൽ സൗജന്യ പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താല്പ്പര്യമുള്ളവര് 0494-2962296എന്നനമ്പരില് വിളിച്ച് പേര് രജിസ്റ്റര് ചെയ്യേണ്ടതാണ്.

9. കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് കണ്ണൂർ, കാസർകോട്, കോഴിക്കോട് ജില്ലകളിലെ കർഷകർക്കായി ഡിസംബർ 14, 15, 16 തീയതികളിൽ ആട് വളർത്തലിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 04972 763473.

10. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിനെ ബാധിക്കുന്ന രോഗങ്ങൾക്കെതിരെ സ്പ്രേയിങ് നടത്തുന്നതിലും സ്പ്രേയിങ് ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികളിലും 2023 ഡിസംബർ 19-ന് ഏകദിനപരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 9447710405, 04812351313 എന്നീ ഫോൺ നമ്പരിൽ ബന്ധപ്പെടാം. ഇ-മെയിൽ: training@rubberboard.org.in

11. റബ്ബർപാലിന്റെ ഉണക്കത്തൂക്കം (ഡി.ആർ.സി.) നിർണയിക്കുന്നതിൽ റബ്ബർബോർഡ് നടത്തുന്ന ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് കോട്ടയത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

റബ്ബർ ട്രെയിനിങ്ങിൽ (എൻ.ഐ.ആർ.റ്റി.) വെച്ച് ഡിസംബർ 27 മുതൽ 29 വരെയുള്ള തീയതികളിൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക് 0481 2353127, 7306464582 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

12. എറണാകുളം കൃഷി വിജ്ഞാൻ കേന്ദ്രയും സെൻട്രൽ മറൈൻ ഫിഷറീസ് ഇൻസ്റ്റിറ്റ്യൂട്ട് കൊച്ചിയിൽ ഒരു ചെറുധാന്യമത്സ്യമേള സംഘടിപ്പിക്കുന്നു. ചെറുധാന്യങ്ങളുടെ പോഷക മൂല്യആരോഗ്യഗുണങ്ങളെക്കുറിച്ചുളള ബോധവത്കരണമാണ് മേളയുടെ ലക്ഷ്യം. ഇതോടനുബന്ധിച്ച് ചെറുധാന്യമത്സ്യ ഭക്ഷ്യമേളയും ചെറുധാന്യമത്സ്യ വില്പനയും , ചെറുധാന്യങ്ങളുടെ പാചക മത്സരവും ഉണ്ടായിരിക്കുന്നുതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം